## കേരള സർക്കാർ

<u>സംഗ്രഹം</u>

ധനകാര്യ വകുപ്പ് - കാരോട് ഗ്രാമ പഞ്ചായത്ത് 2022-23 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയ പദ്ധതികളുടെ ഭാഗമായി വികസന ഫണ്ട് പൊതു വിഭാഗത്തിൽ നിന്നും ഗുണഭോക്താവിന് നൽകിയതും ട്രാൻസ്ഫർ ക്രെഡിറ്റാകാതെ സർക്കാരിലേക്ക് തിരികെ പോയതുമായ തുക പുനരനുവദിച്ച് ഉത്തരവാകുന്നു.

---

## ധനകാര്യ (എസ് എഫ് സി സെൽ-എ) വകുപ്പ്

**സ.ഉ. (സാധാ) നം.3886/2024/ധനം തീയതി, തിരുവനന്തപുരം, 06/05/2024**

പരമർശം :- 1. കാരോട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 08/09/2023 തീയതിയിലെ കത്ത്
2. ട്രഷറി ഡയറക്ടറുടെ 19.02.2024 തീയതിയിലെ TRY/341/2024-E1 നമ്പർ കത്ത്
3. സ.ഉ.(പി) നം.86/2016/ധന തീയതി. 17.06.2016

### <u>ഉത്തരവ്</u>

കാരോട് ഗ്രാമപഞ്ചായത്ത് 2022-23 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയ 'പ്രോജക്ട് നം. 158/22-23 മരച്ചീനി കൃഷി', പ്രോജക്ട് നം. 159/2022-23-വാഴ കൃഷി', പ്രോജക്ട് നം. 181/2022-23-ആട് വളർത്തൽ' എന്നീ പദ്ധതികളുടെ ഭാഗമായി വികസന ഫണ്ട് ജനറൽ സെക്ടറിൽ നിന്നും നൽകിയതും അക്കൗണ്ട് നമ്പറിലെ അപാകത മൂലം ട്രാൻസ്ഫർ ക്രെഡിറ്റാകാതെ സർക്കാരിലേക്ക് തിരികെ പോയതുമായ 16,500/- രൂപ പുനരനുവദിക്കണമെന്ന് പരാമർശം (1) പ്രകാരം കാരോട് പഞ്ചായത്ത് പ്രസിഡന്റ് അഭ്യർത്ഥിച്ചിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും പരാമർശം (2) പ്രകാരം ട്രഷറി ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, കാരോട് ഗ്രാമ പഞ്ചായത്ത് (G011102) 2022-23 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയ 'പ്രോജക്ട് നം. 158/22-23-മരച്ചീനി കൃഷി', 'പ്രോജക്ട് നം. 159/2022-23-വാഴ കൃഷി', പ്രോജക്ട് നം. 181/2022-23-ആട് വളർത്തൽ' എന്നീ പദ്ധതികളുടെ ഭാഗമായി വികസന ഫണ്ട് ജനറൽ സെക്ടറിൽ നിന്നും നൽകിയതും അക്കൗണ്ട് നമ്പറിലെ അപാകത മൂലം ട്രാൻസ്ഫർ ക്രെഡിറ്റാകാതെ സർക്കാരിലേക്ക് തിരികെ പോയതുമായ 16,500/- രൂപ (പതിനാറായിരത്തി അഞ്ഞൂറ് രൂപ മാത്രം) 2024-25 സാമ്പത്തിക വർഷത്തെ

വികസന ഫണ്ടിലെ "3604-00-200-81-05-35-00" എന്ന ശീർഷകത്തിൽ നിന്നും കാരോട് ഗ്രാമ പഞ്ചായത്തിന് (G011102) പരാമർശം (3) ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പുനരനുവദിച്ച് ഉത്തരവാകുന്നു.

മേൽ തുക പിൻവലിച്ച് അതാത് ഗുണഭോക്താക്കളുടെ അക്കൗണ്ടിലേയ്ക്ക് ഒരു മാസത്തിനുള്ളിൽ ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുന്നതിന് കാരോട് ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയെ ചുമതലപ്പെടുത്തുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**സുരേഷ് കുമാർ ഒ ബി**
**ജോയിന്റ് സെക്രട്ടറി (ധനകാര്യം)**

സ്വീകർത്താക്കൾ:

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് I), കേരള, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ ), കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് II), കേരള, തിരുവനന്തപുരം.

ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.

ഡയറക്ടർ (റൂറൽ), തിരുവനന്തപുരം

പ്രസിഡന്റ്, കാരോട് ഗ്രാമ പഞ്ചായത്ത്, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ്, തിരുവനന്തപുരം.

തദ്ദേശ സ്വയംഭരണ (എഫ് എം) വകുപ്പ്.

നോഡൽ ഓഫീസർ, ധനകാര്യ വകുപ്പ് (www.finance.kerala.gov.in)

ധനകാര്യ (ബി.ഡബ്ല്യു-ജെ/ ഡെവലപ്മെന്റ് വിംഗ്/ എസ്.എസ്) വകുപ്പ്.

കരുതൽ ഫയൽ/ ഓഫീസ് പകർപ്പ് (ഇ-2650621)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ